# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg.No.ER/308/07**


**Dr. Anthimos Matthews Metropolitan**
**Angamaly Diocese–**
**Angamaly and Muvattupuzha Region**
**MJSSA President**
**Patriarchal Centre**
**Puthencruz, Kerala**

**M.J.S.S.A. HEADQUARTERS,**
**Puthencruz P.O.,Ernakulam District,**
**Kerala State, Pin-682308,**


**Date:27-12-2024**



എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസനത്തിൽ ഉൾപ്പെട്ട അഞ്ച് ഡിസ്ട്രിക്റ്റുകളിലെയും ഭാരവാഹികൾ, സൺഡേസ്കൂൾ അദ്ധ്യാപകർ, കുഞ്ഞുങ്ങൾ, മാതാപിതാക്കൾ എന്നിവരുടെ അറിവിലേയ്ക്കായി,

ദൈവത്തിന്റെ ദാനങ്ങളായ കുഞ്ഞുങ്ങൾക്ക് വി.സഭയുടെ കാതോലികവും ശ്ലൈഹീകവും കാനോനികവും വേദപുസ്തകപരവും ചരിത്രപരവുമായ സത്യവിശ്വാസത്തേയും, ആചാരാനുഷ്ഠാനങ്ങളേയും, അപ്പൊസ്തോലിക പാരമ്പര്യങ്ങളേയും കുറിച്ച് യഥാർത്ഥ ബോധനം നൽകുന്നതോടൊപ്പം, ആരാധനാ പരിശീലനത്തിലൂടെ ജീവനുള്ള ക്രിസ്ത്യാനികളായി, സദാചാര ബോധവും ജീവിതമൂല്യങ്ങളുമുള്ള രാജ്യത്തെ ഉത്തമ പൗരന്മാരായി വളർത്തുക എന്നതും സൺഡേസ്കൂൾ പഠനത്തിലൂടെ ലക്ഷ്യമിടുന്നു. ഇപ്രകാരം നമ്മുടെ കുഞ്ഞുങ്ങളെ സഭയ്ക്കും സമൂഹത്തിനും കൊള്ളാവുന്ന ദൈവമക്കളാക്കി തീർക്കണമെന്നുള്ള പൂർവ്വപിതാക്കന്മാരുടെ നല്ല കാഴ്ചപ്പാടിന്റെ ഫലമാണ് മലങ്കര യാക്കോബായ സുറിയാനി സൺഡേസ്കൂൾ അസ്സോസിയേഷൻ എന്ന എം.ജെ.എസ്.എസ്.എ.

ഒരു കുട്ടിയിൽ ആത്മീയമായി പരിവർത്തനം സൃഷ്ടിക്കാൻ ഏറ്റവും അനുയോജ്യമായ ഉപകരണമാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. നല്ല തലമുറയെ വാർത്തെടുക്കണമെങ്കിൽ ആത്മീയ വിദ്യാഭ്യാസത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ എന്ന് തിരിച്ചറിയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. "ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" എന്ന് സദൃശ്യവാക്യങ്ങൾ 1:7 ലും 'ബാലൻ നടക്കേണ്ട വഴി, ശൈശവത്തിൽ തന്നെ അവനെ പഠിപ്പിക്കുക. വൃദ്ധനാകുമ്പോഴും അതിൽ നിന്നും തെറ്റിപ്പോകുകയില്ല' എന്ന് സദൃശ്യവാക്യങ്ങൾ 22:6 ലും വ്യക്തമായി പറയുന്നു. ഇപ്രകാരം ദൈവവചനത്തിൽ അടിസ്ഥാനമിട്ട് ആഴത്തിൽ വേരൂന്നിവളരുന്നവർക്ക് മാത്രമേ ലോകത്തിലെ പ്രലോഭനങ്ങളെ അതിജീവിച്ച് പ്രതിബദ്ധതയോടും ദിശാബോധത്തോടും കൂടി മുന്നോട്ടു നീങ്ങുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ പഴയ തലമുറ വളരെ പരിമിതമായ സാഹചര്യങ്ങളിൽ ജീവിച്ച് അദ്ധ്വാനിച്ച് നേടിത്തന്ന സ്വത്തുക്കൾ നാം ഇന്ന് അനുഭവിക്കാറുണ്ട്. എന്നാൽ അതേ ത്യാഗ മനോഭാവത്തോടെ അവർ പടുത്തുയർത്തിയ ശ്രേഷ്ഠമായ വിശ്വാസവും പാരമ്പര്യങ്ങളും ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും സംരക്ഷിക്കുവാനും അത് അടുത്ത തലമുറയ്ക്ക് കൈമാറുവാനും നമുക്ക് കഴിയാതെ വന്നാൽ അവരെ ഓർത്ത് നാം ദുഃഖിക്കേണ്ടിവരും.

നമ്മുടെ പരിശുദ്ധ സഭയുടെ സത്യവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും കുട്ടികളുടെ കൊച്ചുഹൃദയത്തിൽ പതിപ്പിക്കുവാൻ സൺഡേസ്കൂൾ വിദ്യാഭ്യാസം വഴി സാദ്ധ്യമാവുന്നു. ആയതിനാൽ 2025 ജനുവരി ഒന്നാമത്തെ ഞായറാഴ്ച്ച ആരംഭിക്കുന്ന അദ്ധ്യയന വർഷം മുതൽ നാം നമ്മുടെ കുട്ടികളെ സൺഡേസ്കൂളിൽ അയച്ച് പഠിപ്പിക്കുവാൻ കരുതലുള്ളവരായിരിക്കണം. അതോടൊപ്പം ഏതെങ്കിലും ക്ലാസിൽ പഠനം നിർത്തി പോയവരെയും തുടർന്ന് സൺഡേസ്കൂളിൽ ചേർത്ത് പോകുവാനും ശ്രദ്ധിക്കണം. അതു മുഖാന്തിരം വേദപുസ്തകത്തിലും പരിശുദ്ധ സഭാവിശ്വാസത്തിലും, പാരമ്പര്യത്തിലും അടിസ്ഥാനമുള്ള പരിശുദ്ധ സഭയിലാണ് ഞാൻ വളരുന്നതെന്ന് അഭിമാനിക്കുന്ന ഒരു തലമുറ ഉണ്ടാകുവാനും അവർ ജീവിതത്തിൽ ആ മൂല്യങ്ങൾ നിലനിർത്തുവാനും ഇടയാകട്ടെ.

എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിൽ ഏറെ സന്തോഷിക്കുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

+ Anthimos Matthews

പുത്തൻകുരിശ്
27.12.2024

**അന്തീമോസ് മാത്യൂസ് മെത്രാപ്പോലീത്ത**